കേരളസർവകലാശാല

നം.പി.ആർ.135/2021

# പത്രക്കുറിപ്പ്

## വൈവാവോസി

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ എം.എസ്.സി. മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസം – ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ വൈവാവോസി 2021 ജൂലൈ 13 ന് ഓൺലൈനായി നടത്തുന്നതാണ്. വിശദവിവരം www.ide.ku.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ എം.എ അറബിക് (വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി, 2021 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ എം.എ. ഹിന്ദി (വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി എന്നീ പരീക്ഷകളുടെ വൈവാവോസി 2021 ജൂലൈ 15 ന് ഓൺലൈനായി നടത്തുന്നതാണ്. വിശദവിവരങ്ങൾ സർവകലാശാല/എസ്.ഡി.ഇ. വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് – ബി.സി.എ. – മാർച്ച് 2021 ന്റെ പ്രായോഗിക പരീക്ഷകൾ അതാത് കോളേജുകളിൽ വച്ച് ജൂലൈ 14, 15 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി. ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി (വൊക്കേഷണൽ മൈക്രോബയോളജി) കോഴ്സിന്റെ നാളെ ആരംഭിക്കുന്ന പ്രാക്ടിക്കൽ പരീക്ഷകളുടെ പുനഃക്രമീകരിച്ച ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## പ്രോജക്ട് – വൈവ

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ കോഴ്സിന്റെ പ്രോജക്ട് – വൈവ ജൂലൈ 16 ന് അതതു കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ആറാം സെമസ്റ്റർ സി.ആർ.സി.ബി.സി.എസ്.എസ്. ബി.കോം. കൊമേഴ്സ് ആന്റ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് മാർച്ച് 2021 ഡിഗ്രി പരീക്ഷയുടെ പ്രോജക്ട് ആന്റ് വൈവവോസി പരീക്ഷ ജൂലൈ 22, 23 തീയതികളിൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/വൈവ

കേരളസർവകലാശാല ജൂലൈ 12, 15 തീയതികളിൽ നടത്താനിരുന്ന നാലാം വർഷ ബി.ഫാം. സപ്ലിമെന്ററി, ഡിസംബർ 2020 പ്രാക്ടിക്കൽ/വൈവ പരീക്ഷകളായ ഫാർമക്കോളജി II (പേപ്പർ E), ഫാർമസ്യൂട്ടിക്സ് V (പേപ്പർ D) എന്നിവ യഥാക്രമം ജൂലൈ 27, ആഗസ്റ്റ് 3 തീയതികളിൽ പുനഃക്രമീകരിച്ചിരിക്കുന്നു. മറ്റു പരീക്ഷാതീയതികളിൽ മാറ്റമില്ല.

## ടൈംടേബിൾ

കേരളസർവകലാശാല ഒന്നാം വർഷ ബി.എഫ്.എ. (ഇന്റഗ്രേറ്റഡ്) ഡിഗ്രി പരീക്ഷകൾ ജൂലൈ 28 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല ഏപ്രിൽ 21, 19 തീയതികളിൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി. ബി.എ.എൽ.എൽ.ബി. പ്രോപ്പർട്ടി ലോ, പ്രിൻസിപ്പിൾസ് ഓഫ് ടാക്സേഷൻ ലോ പരീക്ഷകൾ യഥാക്രമം ജൂലൈ 16, 19 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

കേരളസർവകലാശാല മാർച്ച് 23 മുതൽ ആരംഭിച്ചിരുന്നതും ഏപ്രിൽ 12 മുതൽ നടത്താനിരുന്നതുമായ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.ബി.എ./ബി.എസ്.സി./ബി.കോം. കരിയർ റിലേറ്റഡ് പരീക്ഷകൾ ജൂലൈ 19 മുതൽ പുനഃരാരംഭിക്കുന്നതാണ്. പുനഃക്രമീകരിച്ച തീയതികൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ഏപ്രിൽ 12 മുതൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്./കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. പരീക്ഷകൾ ജൂലൈ 19 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം 2021 ജൂലൈ 15 ന് ആരംഭിക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.എസ്.സി. മാത്തമറ്റിക്സ് (2018 & 2017 അഡ്മിഷൻ റഗുലർ & സപ്ലിമെന്ററി) ബി.ബി.എ (2018 അഡ്മിഷൻ) പരീക്ഷകൾക്ക് തിരുവനന്തപുരം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കാര്യവട്ടം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിലും (എസ്.ഡി.ഇ.), കൊല്ലം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം കർമ്മലറാണി ട്രെയിനിംഗ് കോളേജിലും ആലപ്പുഴ ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ആലപ്പുഴ ആരിയാട് കെ.യു.സി. ടി.ഇ യിലും പരീക്ഷ എഴുതേണ്ടതാണ്. ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും ഐഡന്റിറ്റി കാർഡുമായി അതാത് പരീക്ഷാകേന്ദ്രങ്ങളിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരം സർവകലാശാല വെബ്സെറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2020 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ, 2020 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം./ബി.എച്ച്.എം.സി.റ്റി.) (2018 സ്കീം റെഗുലർ/ഇംപ്രൂവ്മെന്റ്, 2014 സ്കീം – സപ്ലിമെന്റ

റി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജൂലൈ 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല മൂന്നാം സെമസ്റ്റർ ബി.ടെക് ഡിഗ്രി സപ്ലിമെന്ററി (2013 സ്കീം),ഏപ്രിൽ 2020 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജൂലൈ 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ – അപേക്ഷാ തീയതി നീട്ടി

കേരളസർവകലശാല ഇംഗ്ലീഷ് പഠനവകുപ്പ് നടത്തുന്ന APGDEC (അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ) എന്ന പാർട്ട് ടൈം സായാഹ്ന കോഴ്സിലേക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജൂലൈ 19 വരെ നീട്ടിയിരിക്കുന്നു. പ്രസ്തുത കോഴ്സിലേക്ക് അപേക്ഷിക്കാനുള്ള അടിസ്ഥാന യോഗ്യത അംഗീകൃത സർവകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. കേരളസർവകലാശാല ക്യാഷ് കൗണ്ടറിൽ 30 രൂപ ഒടുക്കിയ ചെലാൻ ഇംഗീഷ് പഠനവകുപ്പിൽ സമർപ്പിച്ച് അപേക്ഷാഫോം കൈപ്പറ്റാവുന്നതാണ്.

## മൂല്യനിർണ്ണയ ക്യാമ്പ് മാറ്റി

കേരളസർവകലാശാലയുടെ 2021 ആറാം സെമസ്റ്റർ സി.ബി.സി.എസ്./സി.ആർ. പരീക്ഷ മൂല്യനിർണ്ണയത്തിനായി യൂണിവേഴ്സിറ്റി കോളേജിൽ രൂപീകരിച്ചിരുന്ന ക്യാമ്പ് നം.2 സർവകലാശാല സെനറ്റ് ഹൗസ് ക്യാമ്പസിലേക്ക് മാറ്റിയിരിക്കുന്നു. ജൂലൈ 14 മുതൽ ആരംഭിക്കുന്ന മൂല്യനിർണ്ണയ ക്യാമ്പിൽ ജൂൺ 28 മുതൽ ജൂലൈ 2 വരെ നടന്ന പരീക്ഷാ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തേണ്ട അദ്ധ്യാപകർ മാത്രം ഹാജരായാൽ മതിയാകുന്നതാണ്. ജൂലൈ 05 മുതൽ 12 വരെ നടന്ന പരീക്ഷകളുടെ മൂല്യനിർണ്ണയം ജൂലൈ 19 മുതൽ ആരംഭിക്കുന്നതായിരിക്കും.

തിരുവനന്തപുരം,
12.07.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

E-mail: For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity
website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675